**ചെയർമാൻ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, പത്തനംതിട്ട &**
**ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ : ഡോ. ദിവ്യ. എസ്. അയ്യർ, ഐ.എ.എസ്)**

DCPTA/1185/2020/DM5 തീയതി : 06/09/2021

വിഷയം :- കോവിഡ്-19 – പത്തനംതിട്ട ജില്ല – WIPR പ്രകാരം നിയന്ത്രണങ്ങളും ഇളവുകളും ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :-
1. സ.ഉ(ആർ.റ്റി) നം. 564/2021/ഡിഎംഡി തീയതി 04.08.2021.
2. സ.ഉ(ആർ.റ്റി) നം. 571/2021/ഡിഎംഡി തീയതി 07.08.2021.
3. സ.ഉ(ആർ.റ്റി) നം. 575/2021/ഡിഎംഡി തീയതി 10.08.2021.
4. സ.ഉ(ആർ.റ്റി) നം. 584/2021/ഡിഎംഡി തീയതി 27.08.2021.
5. സ.ഉ(ആർ.റ്റി) നം. 585/2021/ഡിഎംഡി തീയതി 28.08.2021.
6. സ.ഉ(ആർ.റ്റി) നം. 593/2021/ദു.നി.വ തീയതി 04.09.2021.
7. ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം), പത്തനംതിട്ട യുടെ 06.09.2021 ലെ സി1/1978/2020 നമ്പർ കത്ത്.
8. ജില്ലാ കളക്ടറുടെ 30.08.2021 ലെ മേൽ നമ്പർ നടപടിക്രമം.

സംസ്ഥാനത്ത് കോവിഡ് 19 ന്റെ രണ്ടാംഘട്ട വ്യാപനം തടയുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ക്ഡൗണിൽ സംസ്ഥാനത്താകെ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവായിരുന്നതാണ്. എന്നാൽ തുടർച്ചയായ നിയന്ത്രണങ്ങൾ പൊതുജനങ്ങളുടെ സാധാരണ ജീവിതത്തെയും ഉപജീവന മാർഗ്ഗത്തെയും സാരമായി ബാധിക്കുന്നതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ സാധാരണ ജീവിതത്തെ ബാധിക്കാത്ത തരത്തിലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കർശനമായി നടപ്പാക്കി സൂചന(1), (2), (3), (4), (5), (6) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തിന് പൊതുവെ ബാധകമായ ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുള്ളതാണ്. സൂചന (1) ഉത്തരവു പ്രകാരം WIPR ന്റെ അടിസ്ഥാനത്തിൽ ലോക്ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും സൂചന (6) ഉത്തരവു പ്രകാരം സംസ്ഥാനത്തെ നിലവിലെ കോവിഡ് 19 സാഹചര്യം വിശകലനം ചെയ്ത ശേഷം ദുരന്തനിവാരണ നിയമത്തിലെ സെക്ഷൻ 20(3) പ്രകാരം വാർഡുകളിലെ പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ 7 നു മുകളിലുള്ള പഞ്ചായത്ത് / നഗര പ്രദേശങ്ങളിൽ പ്രത്യേകമായ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

ആയതിൻ പ്രകാരം പത്തനംതിട്ട ജില്ലയിൽ താഴെപ്പറയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ / ഗ്രാമ പഞ്ചായത്തുകളിൽ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) പത്തനംതിട്ട യുടെ സൂചന(6) റിപ്പോർട്ട് പ്രകാരം WIPR 7 ഉം 7 ൽ കൂടുതലും ഉൾപ്പെട്ടു വന്നിട്ടുള്ളതാണ്.

**I. ഗ്രാമ പഞ്ചായത്ത്**

| ക്രമ നമ്പർ | പഞ്ചായത്ത് | വാർഡ് നമ്പർ |
|---|---|---|
| 1 | മലയാലപ്പുഴ | **1, 4** |
| 2 | മല്ലപ്പള്ളി | **4, 7, 9, 12** |

| | | |
|---|---|---|
| 3 | മല്ലപ്പുഴശ്ശേരി | 2,3,4,6,8,11,12 |
| 4 | മെഴുവേലി | 4, 5, 6, 8, 9, 10, 11, 12 |
| 5 | മൈലപ്ര | 1, 2, 8, 12, 13 |
| 6 | നാരങ്ങാനം | 1, 3, 4, 9, 12, 13 |
| 7 | നെടുമ്പ്രം | 3, 8, 12 |
| 8 | ഓമല്ലൂർ | 1, 2, 6, 7, 8, 10, 13, 14 |
| 9 | പള്ളിക്കൽ | 3, 16 |
| 10 | പന്തളം-തെക്കേക്കര | 5, 7 |
| 11 | പെരിങ്ങര | 1, 8, 10, 14, 15 |
| 12 | പ്രമാടം | 6, 7, 10, 11, 13, 14, 16, 17,18, 19 |
| 13 | പുറമറ്റം | 1, 4, 6, 7 |
| 14 | റാന്നി | 12, 13 |
| 15 | റാന്നി-അങ്ങാടി | 4 |
| 16 | റാന്നി-പെരുനാട് | 12, 14 |
| 17 | തണ്ണിത്തോട് | 2, 3, 4, 5, 6, 8, 9, 11, 12, 13 |
| 18 | തോട്ടപ്പുഴശ്ശേരി | 1, 4, 5 |
| 19 | തുമ്പമൺ | 8, 12 |
| 20 | വടശ്ശേരിക്കര | 3, 4, 5, 8, 9, 10, 11, 12 |
| 21 | വള്ളിക്കോട് | 5, 9, 11, 12 |
| 22 | വെച്ചൂച്ചിറ | 1, 2, 12, 14 |
| 23 | ആറന്മുള | 6, 7,10, 13, 16 |
| 24 | അരുവാപ്പുലം | 1, 3, 4, 6, 9, 10 |
| 25 | അയിരൂർ | 1, 6, 8, 9, 14 |
| 26 | ചെന്നീർക്കര | 1, 4, 5, 6, 7, 10, 11, 12, 13, 14 |
| 27 | ചിറ്റാർ | 3, 5, 7, 8, 9, 11, 13 |
| 28 | ഇലന്തൂർ | 1, 2, 4, 10, 11, 12 |
| 29 | ഏനാദിമംഗലം | 1, 3, 4, 7, 9, 10, 11, 12, 13, 14 |
| 30 | ഏറത്ത് | 3, 4, 7, 11, 12, 13, 14, 15 |
| 31 | ഇരവിപേരൂർ | 7, 10, 14 |
| 32 | എഴുമറ്റൂർ | 10 |
| 33 | കടമ്പനാട് | 3, 4, 5, 6, 7, 8, 10, 11, 12, 13, 14 |
| 34 | കടപ്ര | 7, 8, 12 |
| 35 | കലഞ്ഞൂർ | 7, 8 |

| | | |
|---|---|---|
| 36 | കല്ലൂപ്പാറ | 7, 12, 13 |
| 37 | കവിയൂർ | 7, 8, 9 |
| 38 | കൊടുമൺ | 2, 7, 8, 11, 12, 13, 14, 17, 18 |
| 39 | കോയിപ്രം | 1, 3, 6, 7, 8, 15 |
| 40 | കോന്നി | 5, 11, 15 |
| 41 | കൊറ്റനാട് | 1, 3, 4, 5, 6, 10, 12, 13 |
| 42 | കോട്ടാങ്ങൽ | 11, 13 |
| 43 | കോഴഞ്ചേരി | 1, 8, |
| 44 | കുളനട | 3, 4, 6, 8, 9, 10, 15 |
| 45 | കുന്നന്താനം | 14 |
| 46 | കുറ്റൂർ | 1 |

**II. മുനിസിപ്പാലിറ്റി**

| ക്രമ നമ്പർ | പഞ്ചായത്ത് | വാർഡ് നമ്പർ |
|---|---|---|
| 1 | പന്തളം | 2, 29, 32, 33 |
| 2 | പത്തനംതിട്ട | 4, 5, 7, 8, 20, 22, 24, 26, 27, 28, 29 |
| 3 | അടൂർ | 4, 13, 14, 25, 27 |
| 4 | തിരുവല്ല | 3, 5, 11, 15, 24, 26, 29, 33 |

മേൽപ്പറഞ്ഞിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ/ വാർഡുകളിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ കളക്ടർ കൂടിയായ ദിവ്യ എസ്. അയ്യർ എന്ന ഞാൻ ദുരന്തനിവാരണ നിയമം പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രതിവാര രോഗബാധജനസംഖ്യാനുപാത നിരക്കിന്റെ അടിസ്ഥാനത്തിലും സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും താഴെപ്പറയുന്ന കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

1. റേഷൻ കടകൾ, ഭക്ഷ്യ അവശ്യ വസ്തുക്കൾ മാത്രം വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾ, ബേക്കറികൾ, മത്സ്യ മാംസാദി കളുടെ വില്പന കേന്ദ്രങ്ങൾ എന്നിവ രാവിലെ 7.00 മണി മുതൽ വൈകിട്ട് 7.00 മണി വരെ പ്രവർത്തിക്കാവുന്നതാണ്.
2. ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും പാഴ്സൽ സർവ്വീസിനും ഓൺലൈൻ / ഹോം ഡെലിവറിക്കുമായി മാത്രം രാവിലെ 7 മുതൽ രാത്രി 9.00 വരെ പ്രവർത്തിക്കാവുന്നതാണ്.
3. പാൽ, പത്രം എന്നിവ വിതരണം ചെയ്യാവുന്നതാണ്.
4. മെഡിക്കൽ സ്റ്റോറുകൾ, മെഡിക്കൽ ലാബ്, മീഡിയ എന്നിവയ്ക്ക് പ്രവർത്തിക്കാവുന്നതാണ്.
5. അക്ഷയകേന്ദ്രങ്ങളും ജനസേവന കേന്ദ്രങ്ങളും രാവിലെ 9.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ തുറന്നു പ്രവർത്തിക്കാവുന്നതാണ്.

6. ഗവൺമെന്റ് ഓഫീസുകൾ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന എല്ലാ പബ്ലിക് ഓഫീസുകൾക്കും 50% ജീവനക്കാരെ ഹാജരാക്കി തിങ്കൾ മുതൽ വെള്ളി വരെ പ്രവർത്തിക്കാവുന്നതാണ്.
7. അടിയന്തിര അവശ്യ സർവ്വീസിൽപ്പെട്ട സംസ്ഥാന കേന്ദ്ര സ്ഥാപന ഓഫീസുകൾക്ക് 100% ജീവനക്കാരെ ഹാജരാക്കി പ്രവർത്തിപ്പിക്കാവുന്നതാണ്.
8. ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും തിങ്കൾ മുതൽ ശനി വരെ 50 % ജീവനക്കാരെ ഹാജരാക്കി രാവിലെ 10.00 മണി മുതൽ വൈകിട്ട് 2.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്.
9. പെട്രോൾ പമ്പുകൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് രാവിലെ 6.00 മണി മുതൽ രാത്രി 10.00 മണി വരെ പ്രവർത്തിക്കാവുന്നതാണ്.
10. എല്ലാ പ്രൈവറ്റ് / അവശ്യ വസ്തുക്കൾ കൊണ്ടുപോകുന്നവയും അവശ്യ സർവ്വീസുകൾക്കുള്ളതും യാത്രയ്ക്കുള്ളതുമായ പബ്ലിക്ക് വാഹനങ്ങൾ എന്നിവ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ഗതാഗതം നടത്താവുന്നതാണ്. ദീർഘദൂര വാഹനങ്ങൾ കണ്ടൈൻമെന്റ് സോണിൽ കൂടി യാത്ര പോകാവുന്നതാണ്.
11. എല്ലാ യൂണിവേഴ്സിറ്റി / ബോർഡ് ഓഫ് ഹയർ സെക്കണ്ടറി നടത്തുന്ന പ്ലസ് വൺ പരീക്ഷകൾ, പിഎസ്സി പരീക്ഷകൾ, കേന്ദ്രസംസ്ഥാന സർക്കാരുകൾ നടത്തുന്ന പരീക്ഷകൾ എന്നിവ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടത്താവുന്നതാണ്.
12. മേൽപ്പറഞ്ഞിരിക്കുന്ന വാർഡുകളിലും, പഞ്ചായത്തുകളിലും കർശനമായി ബാരിക്കേഡിംഗ് ചെയ്തിരിക്കേണ്ടതും കോവിഡ് പോസിറ്റീവ് ആയവരും ലക്ഷണമുള്ളവരും ഇവരുമായി സമ്പർക്കമുള്ളവരും നിർബന്ധമായും ക്വാറന്റൈനിൽ തുടരേണ്ടതാണ്. ഈ വാർഡുകളുടെ / പഞ്ചായത്തുകളുടെ ചുറ്റളവിൽ നിന്നും ആരും നിയന്ത്രണങ്ങൾ ലംഘിച്ചുകൊണ്ട് പുറത്തേക്കോ അകത്തേക്കോ പ്രവേശിക്കുവാൻ പാടില്ല. ഇക്കാര്യം പോലീസും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പും ഉറപ്പ് വരുത്തേണ്ടതാണ്.
**13.** അടിയന്തിര അവശ്യ സർവ്വീസിൽപ്പെട്ട കേന്ദ്ര-സംസ്ഥാന-സ്വയംഭരണ സ്ഥാപനങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാർ, കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ ഹാജരാക്കി യാത്ര ചെയ്യാവുന്നതാണ്.
**14.** അടിയന്തിര അവശ്യ സർവ്വീസുകളിൽപ്പെട്ടതും 24 മണിക്കൂറും പ്രവർത്തിക്കുന്നതുമായ എല്ലാ വ്യവസായ സ്ഥാപനങ്ങളും കമ്പനികളും മറ്റ് സ്ഥാപനങ്ങളും പ്രവർത്തിക്കാവുന്നതും മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവരുടെ തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.
15. കാർഷിക ആവശ്യങ്ങൾക്ക് മാത്രമായി പ്രവർത്തിക്കുന്ന കടകൾ രാവിലെ 9.00 മുതൽ വൈകിട്ട് 4.00 വരെ പ്രവർത്തിക്കാവുന്നതാണ്.
16. സർക്കാർ ഉത്തരവ് സ.ഉ(ആർ.റ്റി) നം. 459/2021/ഡിഎംഡി തീയതി 07.06.2021., സ.ഉ(ആർ.റ്റി) നം. 461/2021/ഡിഎംഡി തീയതി 10.06.2021, സ.ഉ(ആർ.റ്റി) നം. 584/2021/ഡിഎംഡി തീയതി 27.08.2021 എന്നിവ പ്രകാരം ഞായറാഴ്ച സമ്പൂർണ്ണ ലോക്ക്ഡൗൺ ആയിരിക്കുന്നതാണ്.
17. മരണം, വിവാഹം എന്നിവയ്ക്ക് പരമാവധി 20 പേർ മാത്രമെ പങ്കെടുക്കുവാൻ പാടുള്ളൂ.
18. ആരാധനാലയങ്ങളിൽ കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ട് 25 Sq.feet ന് ഒരാൾ എന്ന അനുപാതത്തിൽ പരമാവധി 20 പേർക്ക് കുറഞ്ഞസമയത്തേയ്ക്ക് പ്രവേശനം അനുവദിക്കാവുന്നതാണ്.
19. യാതൊരു വിധ രാഷ്ട്രീയമോ സാംസ്കാരികമോ ആയ പ്രകടനങ്ങളോ കൂടിച്ചേരലുകളോ നടത്തുവാൻ പാടില്ല.

20. നിലവിൽ പുരോഗമിച്ചകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ശേഖരിച്ച് സൂക്ഷിച്ചിരിക്കുന്ന സാധന സാമഗ്രികളുടെ നഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസറുടെ അനുമതിയോടെ നടത്താവുന്നതാണ്.
21. സ്കൂൾ, കോളേജ്, ട്യൂഷൻ സെന്ററുകൾ, സിനിമാ തിയേറ്ററുകൾ എന്നിവ തുറന്നു പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ല.

- 2021 ഓഗസ്റ്റ് 30 മുതൽ താഴെപ്പറയുന്ന ആവശ്യങ്ങൾക്കൊഴികെ സംസ്ഥാനത്തിനുള്ളിൽ രാത്രി 10.00 മണി മുതൽ രാവിലെ 6.00 മണി വരെയുള്ള യാത്രകൾക്ക് അനുവാദമുണ്ടായിരിക്കുന്നതല്ല.
- ചികിത്സാ സംബന്ധിയായ അത്യാവശ്യങ്ങളും, ആശുപത്രികളിൽ രോഗികൾക്ക് കൂട്ടിരിക്കുന്നവരും
- ചരക്ക് വാഹന ഗതാഗതം
- അവശ്യ സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരും തൊഴിലാളികളും.
- അടുത്ത ബന്ധുക്കളുടെ മരണവുമായി ബന്ധപ്പെട്ട യാത്രകൾ.
- ദൂരയാത്രകൾ പുറപ്പെട്ടവർക്ക് അവരുടെ യാത്ര പൂർത്തിയാക്കുന്നതിന്.
- വിമാനം. ട്രെയിൻ, കപ്പൽ ദീർഘദൂര സർവീസുകൾ നടത്തുന്ന മറ്റ് പൊതുഗതാഗത മാർഗ്ഗങ്ങൾ എന്നിവയിൽ കയറുന്നതിന് (യാത്രയ്ക്കുള്ള ടിക്കറ്റ് രേഖയായി കാട്ടി)
- അടിയന്തിര ആവശ്യമുള്ള മറ്റേതെങ്കിലും യാത്രകൾ നടത്തേണ്ടി വരുന്നെങ്കിൽ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

മേൽ വിവരിച്ചിരിക്കുന്ന ദിവസങ്ങളും സമയക്രമങ്ങളും കൃത്യമായി പാലിക്കപ്പെടേണ്ടതും പാലിക്കാത്തവർക്കെതിരെ പകർച്ച വ്യാധി നിയന്ത്രണ നിയമം 2021, ഇന്ത്യൻ ശിക്ഷാ നിയമം 188, 169 എന്നീ വകുപ്പുകൾ പ്രകാരവും ദുരന്ത നിവാരണ നിയമം 2005 പ്രകാരവും നിയമനടപടികൾ ജില്ലാ പോലീസ് മേധാവി/ ഇൻസിഡന്റ് കമാണ്ടർമാർ/ സെക്ടർ മജിസ്ട്രേറ്റുമാർ സ്വീകരിക്കേണ്ടതാണ്.

**ചെയർപേഴ്സൺ , ജില്ലാ ദുരന്തനിവാരണ അതോറിറ്റി, പത്തനംതിട്ട &**
**ജില്ലാ കളക്ടർ**

6/IX/2021

പകർപ്പ്

1. ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട
2. റവന്യൂ ഡിവിഷണൽ ആഫീസർ - തിരുവല്ല / അടൂർ
3. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പത്തനംതിട്ട.
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
5. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും.
6. എല്ലാ തഹസിൽദാർമാർക്കും.
7. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
8. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി/കോന്നി.
9. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, പത്തനംതിട്ട.